2025
ജൂലൈ
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല
https://schoolwiki.in/150885
MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com

തുടർച്ചയായി മൂന്നാമതും

## എം എൽ എ - എക്സലെൻസ് അവാർഡ്

# ജി എച്ച് എസ് കുറുമ്പാലയ്ക്ക്



കുപ്പാടിത്തറ: 2024-25 വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ കുറുമ്പാല ഹൈസ്കൂൾ എക്സ്‌ലെൻസ് അവാർഡിന് അർഹത നേടി. കൽപ്പറ്റ നിയോജക മണ്ഡലം എം എൽ എ അഡ്വ. ടി സിദ്ധിഖ് ഏർപ്പെടുത്തുന്ന പുരസ്കാരത്തിനാണ് സ്കൂൾ അർഹത നേടിയത്. 19-07-2025 ന് കൽപ്പറ്റ സെൻറ് ജോസഫ് സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പുരസ്കാര വിതരണ ചടങ്ങിൽ സ്കൂൾ അധികൃതർ ശ്രീഷ്‌രാജ് സിംഗ് ഐ എ എസിൽ നിന്ന് പ്രശസ്തിപത്രം സ്വീകരിച്ചു. തുടർച്ചയായിമൂന്നാം വർഷമാണ് വിദ്യാലയം എക്സ്‌ലെൻസ് അവാർഡിന് അർഹരാകുന്നത്. ചടങ്ങിൽ എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെയും ഉപഹാരം നൽകി ആദരിക്കുകയുണ്ടായി.



പുതിയ മുഖം: ജി എച്ച് എസ് കുറുമ്പാലയിലെ പ്രൈമറി കുട്ടികൾക്കായി ഒരുക്കിയ പുതിയ യൂണിഫോമിൽ ഒന്നാം ക്ലാസിലെ കുട്ടികൾ



SSLC,USS പരീക്ഷ

ഫാത്തിമ ഫർഹ ഇ,ശിവന്യ കെ എസ്,സക്കിയ ഫാത്തിമ കെ എ,ഫാത്തിമത്തു ഫർഹാന,അയിഷ ഹനി, അസ്ന ഫാത്തിമ,അംന ഫാത്തിമ, റെന ഷെറിൻ,മുബഷിറ പി പി, ഫാത്തിമ സഹല പി, മുഹമ്മദ് നാഫിൽ

# പ്രതിഭകളെ ആദരിച്ചു

കുപ്പാടിത്തറ:കുറുമ്പാല ഗവ. ഹൈസ്കൂളിൽ നിന്നും 2024-25 അധ്യയന വർഷം എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം നേടിയവരെയും,യു എസ് എസ് സകോളർഷിപ്പ് ജേതാക്കളെയും അവരുടെ രക്ഷിതാക്കളെയും വിജയോത്സവ വേദിയിൽ അനുമോദിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങ് പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് വൈ.പ്രസിഡൻറ് ഗിരിജ കൃഷ്ണ ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സ്വാഗതം പറഞ്ഞു.പി ടി എ പ്രസിഡൻറ ഇ കെ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു.ജേതാക്കളൾക്കുള്ള ഉപഹാരങ്ങൾ,ക്യാഷ് പ്രൈസ് എന്നിവ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ വിതരണം ചെയ്തു. സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ കാഞ്ഞായി ഉസ്മാൻ, എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ,പി ടി എ വൈ.പ്രസിഡൻറ് ഫൈസൽ, വിദ്യാഭ്യാസ വാർഡ്തല കൺവീനർ ഇ സി അബ്ദുള്ള,സിബി ടി വി എന്നിവർ പ്രസംഗിച്ചു.പിടിഎ,എം പി ടി എ, എസ് എം സി അംഗങ്ങൾ,രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.



USS ജേതാക്കൾ

കീർത്തന എൻ പി,നിദ ഫാത്തിമ, ഷംസിയ ഫാത്തിമ

എസ് എസ് എൽ സി പരീക്ഷയിലെ ഹാട്രിക് വിജയം നേട്ടത്തിന് വിദ്യാലയത്തിനുള്ള പി ടി എ കമ്മിറ്റിയുടെ ഉപഹാരം ചടങ്ങിൽ നൽകുകയുണ്ടായി.








അക്കാദമിക് മികവ്

# വിദ്യാലയത്തിന് പി ടി എ യുടെ ആദരം



കുപ്പാടിത്തറ: 2024-25 വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടുകയും, ഏഴ് കുട്ടികളെ ഫുൾ എ പ്ലസ് നേട്ടത്തിനും,നാല് കുട്ടികളെ ഒമ്പത് എ പ്ലസ് നേട്ടത്തിനും മറ്റ് കുട്ടികളെ എഴുപത് ശതമാനത്തിലേറെ മാർക്കിനും അർഹരാക്കി ഉന്നത പഠനത്തിന് യോഗ്യരാക്കുകയും, അക്കാദമിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുകയും ചെയ്തതിന് വിദ്യാലയത്തിന് പിടിഎ കമ്മിറ്റിയുടെ ഉപഹാരം സമർപ്പിച്ചു. വിജയോത്സവ വേദിയിൽ നടന്ന ചടങ്ങിൽ പി ടി എ പ്രസിഡൻറ് ഷറഫുദ്ദീൻ ഇ കെ യിൽ നിന്ന് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉപഹാരം ഏറ്റുവാങ്ങി.തുടർച്ചായായി മൂന്നാം വർഷമാണ് വിദ്യാലയം നൂറ് ശതമാനം നേടുന്നത്.

പുതിയ സാരഥികൾ ചുമതലയേറ്റു

# പി ടി എ ജനറൽബോഡി യോഗം ചേർന്നു



കുപ്പാടിത്തറ: 2025-26 അധ്യയന വർഷത്തെ പി ടി എ ജനറൽ ബോഡി യോഗം ജൂലൈ 18 ന് വെള്ളിയാഴ്ച്ച സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്നു.ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സ്വാഗത പ്രസംഗം നടത്തി.പി ടി എ പ്രസിഡൻറ് ശറഫുദ്ദീൻ ഇ കെ അധ്യക്ഷത വഹിച്ചു2024-25 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും യോഗം അംഗീകരിച്ചു.2024-25 അധ്യയന വർഷത്തെക്കുള്ള പി ടി എ, എം പി ടി എ, അംഗങ്ങളെയും ഭാരവാഹികളെയുംതെരഞ്ഞെടുത്തു.

**പി ടി എ കമ്മിറ്റി**

ശറഫുദ്ദീൻ ഇ കെ (പ്രസിഡൻറ്)
അബ്ദുൾ റഷീദ് കെ (സെക്രട്ടറി)
ശ്രീനിവാസൻ കെ എസ് (വൈ.പ്രസിഡൻറ്)

**അംഗങ്ങൾ**

അശ്റഫ് എസ്, ഷംസുദ്ദീൻ കെ, പ്രിയ സി, നദീറ എൻ, റഫീന എ, നാദിറ,അന്നമ്മ പി യു, ഗോപീ ദാസ് എം എസ്,ഹാരിസ് കെ, സിബി ടി വി,ജിൻസി ജോർജ്,ലിഞ്ജു തോമസ്

**എം പി ടി എ കമ്മിറ്റി**

റജീന മുനീർ (പ്രസിഡൻറ്)
ശ്രീപത്മ സി ടി (സെക്രട്ടറി)

**അംഗങ്ങൾ**

നസീറ, ഗീത ചന്ദ്രശേഖരൻ, അയിഷ ഫസീല, ജുബൈരിയ, നഫീസ, സിന്ധു



# മോട്ടിവേഷൻ ക്ലാസുകൾ നൽകി



കുപ്പാടിത്തറ:കുറുമ്പാല ഗവ. ഹൈസ്കൂളിലെ പത്താം ക്ലാസിലെ കുട്ടികൾക്കും, രക്ഷിതാക്കൾക്കുമായി മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിച്ചു. 15-07-2025 ന് നൽകിയ ക്ലാസുകളുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് നിർവ്വഹിച്ചു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള ORC ( Our Responsibility to Children)യുടെ നേതൃത്വത്തിൽ ഹെൽത്തി പാരൻറിംഗ് എന്ന വിഷയത്തിലാണ് രക്ഷിതാക്കൾക്കായി ക്ലാസ്സ് നൽകിയത്. ക്ലാസുകൾക്ക് പ്രമുഖ ട്രൈനർ സുജിത്ത് ലാൽ നേതൃത്വം നൽകി.പിടിഎ പ്രസിഡൻറ് ഷറഫുദ്ദീൻ ഇ കെ, സിബി ടി വി,ധന്യ ജോസഫ് എന്നിവർ പ്രസംഗിച്ചു.

## സ്കൂൾ തല മത്സര വിജയികൾ

### ബഷീർ ദിനം



HS വിഭാഗത്തിൽ സാഹിത്യ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം-കീർത്തന (8A). രണ്ടാം സ്ഥാനം -സന ഫാത്തിമ (8B). മൂന്നാം സ്ഥാനം-നിദ ഫാത്തിമ (8B).ചിത്രരചന മത്സരത്തിൽ ഒന്നാം സ്ഥാനം- അഫ്സില (9A). രണ്ടാം സ്ഥാനം- മുനവിറ ടി. എം. (10A).മൂന്നാം സ്ഥാനം- സയന ലക്ഷ്മി (9A). മുഹമ്മദ് റിജാസ് (9A). മിസ്ല ജബിൻ (8A).



LP വിഭാഗം ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം-മുഹമ്മദ് ഷെയാൻ (4A). രണ്ടാം സ്ഥാനം-ഫാത്തിമ ഷെറിൻ (3A). മൂന്നാം സ്ഥാനം-ഫാത്തിമ ഹുസ്ന (3A).

### ചാന്ദ്ര ദിനം ക്വിസ്



HS വിഭാഗം ഒന്നാം സ്ഥാനം-കീർത്തന എൻ പി (8A). രണ്ടാം സ്ഥാനം-പാർവ്വതി കെ എസ് (8A). മൂന്നാം സ്ഥാനം-മിൻഹ ഫാത്തിമ,റന ഫാത്തിമ (8A).



UP വിഭാഗം പോസ്റ്റർ രചന- ഒന്നാം സ്ഥാനം-നമീറ നസ്റിൻ ഇ ജെ (5B).രണ്ടാം സ്ഥാനം-നിവേദ് കെ എസ് (7A). മൂന്നാം സ്ഥാനം-നജ ഫാത്തമ സി കെ (6A).



UP വിഭാഗം ക്വിസ്- ഒന്നാം സ്ഥാനം-ഹന്ന ഫാത്തിമ (7A).രണ്ടാം സ്ഥാനം-നിവേദ് കെ എസ് (7A). മൂന്നാം സ്ഥാനം-ഹന്നത്ത് നസ്റി(7A).

### അഖില കേരള വായനോത്സവം- വായന മത്സരം



ഒന്നാം സ്ഥാനം-കീർത്തന (8A). രണ്ടാം സ്ഥാനം-മുഹമ്മദ് നിഹാൽ (10A). മൂന്നാം സ്ഥാനം-മുഹമ്മദ് അനസ് (10A).

### അലിഫ്-അറബിക് ടാലൻറ് ടെസ്റ്റ്



ഒന്നാം സ്ഥാനം-ഫാത്തിമ ഹുസ്ന (3A). രണ്ടാം സ്ഥാനം-ഫാത്തിമ ഷെറിൻ (3A),മുഹമ്മദ് നബീൽ(3A),ഷഹന ഷെറിൻ(4A).

# സ്റ്റാർ ഗ്രൂപ്പ് അംഗങ്ങളെ ആദരിച്ചു



കുപ്പാടിത്തറ: സ്കൂളിൻെറ തനത് പ്രവർത്തനമായ സ്റ്റാർ പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തെ സ്റ്റാർ ഗ്രൂപ്പംഗങ്ങളെ Excellent, Good, Star എന്നീ സ്റ്റാറുകൾ അണിയിച്ചു അനുമോദിച്ചു.ചടങ്ങ് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.കുട്ടികളുടെ അക്കാദമിക മികവിനാണ് പുരസ്കാരം നൽകുന്നത്.

## ചാന്ദ്രദിനം



LP വിഭാഗം-കളറിംഗ് മത്സരം: ഒന്നാം സ്ഥാനം-അഹമ്മദ് റസ (2A). രണ്ടാം സ്ഥാനം-നിയ ഫാത്തിമ (1A). മൂന്നാം സ്ഥാനം-ആയിഷ നിംറ (1B),ഫാത്തിമ ഇൻഷ(1B) റോക്കറ്റ് നിർമ്മാണം- ഒന്നാം സ്ഥാനം-മുഹമ്മദ് സിനാൻ (2A). രണ്ടാം സ്ഥാനം-ഋതിക രാകേഷ് (1A),മുഹമ്മദ് റിഷാൻ ഇ എ(1A), മൂന്നാം സ്ഥാനം-അമൽ ഹബീബ് (2A),സെബ മെഹവിഷ് സി എ(1)



LP വിഭാഗം-റോക്കറ്റ് നിർമ്മാണം: ഒന്നാം സ്ഥാനം-കാർത്തിക് കെ എസ് (4A). രണ്ടാം സ്ഥാനം-അംജ ഫാത്തിമ (4A). മൂന്നാം സ്ഥാനം-മുഹമ്മദ് നബീൽ (3A) ക്വിസ്: ഒന്നാം സ്ഥാനം-സന മരിയ സനിൽ (4A). രണ്ടാം സ്ഥാനം-മുഹമ്മദ് ഷയാൻ (4A). മൂന്നാം സ്ഥാനം-കാർത്തിക് കെ എസ് (4A)



## പിറന്നാളിനൊരു പൂച്ചട്ടി



വാർത്തകൾ തയ്യാറാക്കിയത്: ഫരീദ പി എച്ച്, സുഹൈല ഫാത്തിമ, സിത്താര